## സംഗ്രഹം

ധനകാര്യവകുപ്പ് -മാനസിക/ശാരീരിക വൈകല്യമുള്ള കുട്ടികളുടെ രക്ഷിതാക്കളായ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ജീവനക്കാർക്ക് വിദ്യാഭ്യാസ അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പബ്ലിക് അണ്ടർടേക്കിംഗ്സ്-സി) വകുപ്പ്**

**സ.ഉ(പി) നം.177/2018/ധന** **തിരുവനന്തപുരം, തീയതി:16.11.2018**

---

പരാമർശം:- 1. 11.02.2018-ലെ സ.ഉ(പി) നം.20/2018/ധന നം.ഉത്തരവ്.

2. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 21.06.2018-ലെ കത്ത്

## ഉത്തരവ്

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം മാനസിക /ശാരീരിക വൈകല്യമുള്ള കുട്ടികളുടെ രക്ഷിതാക്കളായ, കെ.എസ്.ആർ ബാധകമായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി പ്രതിമാസം 600/-രൂപ നിരക്കിൽ വിദ്യാഭ്യാസ അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കെ.എസ്.ആർ ബാധകമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുകൂടി മേൽ അലവൻസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച നിവേദനം സർക്കാർ വിശദമായി പരിശോധിയ്ക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മേൽ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ജനറൽ സ്കൂളിലും സ്പെഷ്യൽ സ്കൂളിലും ഹയർ സെക്കന്ററി തലം വരെ പഠിക്കുന്ന മാനസിക/ശാരീരിക വൈകല്യമുള്ള കുട്ടികളുടെ രക്ഷിതാക്കളായ, എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്ഥിരം ജീവനക്കാർക്ക്, പ്രതിമാസം 600/-രൂപ നിരക്കിൽ വിദ്യാഭ്യാസ അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ.ഷർമ്മിള മേരി ജോസഫ് ഐ.എ.എസ്**
**സെക്രട്ടറി**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
3. പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് (BPE) വകുപ്പ്.

4. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും/
ബോർഡുകളുടെയും/കോർപ്പറേഷന്റെയും ചീഫ് എക്സിക്യൂട്ടീവ്സ്.
5. ലേബർ കമ്മീഷണർ, തിരുവനന്തപുരം.
6. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/
സെക്രട്ടറിമാർ /സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ
/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ / അണ്ടർ സെക്രട്ടറിമാർ.
7. ഗവർണ്ണറുടെ സെക്രട്ടറി.
8. മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
9. സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
11. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
12. പബ്ലിക് റിലേഷൻ ഡയറക്ടർ, തിരുവനന്തപുരം.
13. നോഡൽ ഓഫീസർ www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sutha

സെക്ഷൻ ഓഫീസർ